**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1682 | **05.02.2019 ൽ** മറുപടിക്ക്

**പട്ടയം അനുവദിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തുൾപ്പെടെ വിവിധ പഞ്ചായത്തുകളിലെ മേച്ചിൽപ്പുറം, എടവഴി തുടങ്ങിയ പുറമ്പോക്കുകളിലെ സ്ഥിരതാമസക്കാരായ അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) ചാലക്കുടി നിയമസഭാ മണ്ഡലത്തിൽപ്പെട്ട കൊരട്ടി, കാട്ടുകുറ്റി, മേലൂർ പഞ്ചായത്തുകളിലെ പുറമ്പോക്ക് ഭൂമിയിലെ സ്ഥിരതാമസക്കാരായ അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം ലഭ്യമായിട്ടുള്ള അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരുന്നു. ഈ വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും അതത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും അധിക വിവരം ആവശ്യപ്പെട്ടിരിക്കുകയാണ്. |
| ബി) | എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | |
| സി) | കൊരട്ടി ഗ്രാമ പഞ്ചായത്തിലെ എടവഴി പുറമ്പോക്ക് ഭൂമിയ്ക്ക് (ചാലക്കുടി താലൂക്ക്, മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, സർവ്വേ നം.218/3) പട്ടയം ലഭിയ്ക്കുന്നതിനായുള്ള ശ്രീ. ഓലിയാപ്പുറം ജോസിന്റെ അപേക്ഷയിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | സി) കൊരട്ടി ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ അപേക്ഷാ ഭൂമി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയതിലേയ്ക്കായി കരട് വിജ്ഞാപനവും ഭൂമിയുടെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ചും ലഭ്യമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഉചിതമാർഗ്ഗേന സർക്കാരിൽ ലഭ്യമാക്കുന്നതിനായി, ടി റിപ്പോർട്ട് 15.01.2019 ൽ പഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ